HLM-0114

The Heavenly Light Ministry

ഹല്ലേലൂയ്യ സ്തുതി പാടിടും ഞാൻ
വൻ കൃപയെ എന്നും ഓർത്തിടും ഞാൻ
പരിശുദ്ധനേ കരുണാനിധിയേ
സ്തുതികൾക്കെല്ലാം യോഗ്യനായവനേ - 2

1. സകലത്തെയും സൃഷ്ടിചെയ്തവനേ
സകലത്തിനും പരിപാലകനേ - 2
സകലരിലും പരമോന്നതനേ
സർവ്വശക്തനും സർവ്വ ജ്ഞാനിയും നീ - 2 ഹല്ലേ..

2. കരുണയും ദയയും ഉള്ളവനേ
മനസ്സലിയുന്ന മഹാ പ്രഭുവേ - 2
വാൽസല്യത്തോടെന്നെ ചേർത്തവനേ
മാറാത്ത സ്നേഹം പകർന്നവനേ - 2 ഹല്ലേ..

3. ആദിയും അന്തവും ആയവനേ
ഉറപ്പുള്ള പാറയും കോട്ടയുമേ - 2
വഴിയും സത്യവും ആയവനേ
ഏകരക്ഷാമാർഗ്ഗമായവനേ - 2 ഹല്ലേ..

4. ക്രൂശു ചുമന്നു തളർന്നെനിക്കായ്
ഘോരമാം ശിക്ഷയതേറ്റെനിക്കായ് - 2
മുൾമുടി ചൂടിയതും എനിക്കായ്
ജീവനെ നൽകിയതും എനിക്കായ് - 2 ഹല്ലേ..